ഹെൽപ്പർമാർ

ശ്രീമതി	നളിനി, കെ. പി.	..	8552 രൂപ
,,	നാരായണി, ഇ. സി.	..	9360 ,,
,,	ഷീബ, സി.	..	8457 ,,
,,	പ്രിയ, കെ.	..	9360 ,,

(ഡി) എല്ലാ പേരും സ്ഥിരം ജീവനക്കാരാണ്.

മേട്രൻ ഗ്രേഡ്-1 റാങ്ക് ലിസ്റ്റ്

67 [3472] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സാമൂഹ്യക്ഷേമവകുപ്പിൽ മേട്രൻ ഗ്രേഡ്-1 തസ്തികയിൽ നിലവിലുള്ള പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ബി) ജില്ലയിൽ പ്രസ്തുത തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകൾ ഉണ്ട്;

(സി) ഒഴിവുള്ള തസ്തികയിൽ റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒരാൾക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) ഒന്ന്.

(സി) നടപടി സ്വീകരിച്ച് വരുന്നു.

സംസ്ഥാന ഐ. ടി. മിഷൻ ഏറ്റെടുത്തിട്ടുള്ള വികസന പദ്ധതികൾ

68 [3473] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ. ടി. മേഖലയിൽ ഏതൊക്കെ സംരംഭങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ ഉടമസ്ഥതയിൽ ആരംഭിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്;

(സി) ഈ പദ്ധതികളിലോരോന്നിലുമായി എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാന ഐ. ടി. മിഷൻ ഏറ്റെടുത്തിട്ടുള്ള വികസന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ഇ) ഐ. ടി. രംഗത്തെ പുതിയ തൊഴിൽ സാദ്ധ്യതകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ?

ഉത്തരം

(എ—സി) തിരുവനന്തപുരം ടെക്നോപാർക്കിൽ ഐ. ടി. മേഖലയിൽ 50 കമ്പനികൾ പ്രവർത്തിച്ചുവരുന്നു. കെ. എസ്. ഐ. ഡി. സി. യുടെ സഹായത്തോടെ സംസ്ഥാനത്ത് ഐ. ടി. മേഖലയിൽ 33 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ടെക്നോപാർക്കിലും കെ. എസ്. ഐ. ഡി. സി. മുഖേനയും സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ഐ. ടി. സംരംഭങ്ങളുടെ പേരു വിവരവും അവയിൽ ജോലി ചെയ്യുന്നവരുടെ എണ്ണവും ഉൾക്കൊള്ളുന്ന വിവരങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്.† ഇതിനുപുറമേ കിൻഫ്രയുടെ കീഴിൽ എറണാകുളത്ത് കാക്കനാട്ടുള്ള എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ 3 കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. ഈ 3 കമ്പനികളിലുമായി 60-ഓളം പേർ ജോലി ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് ചെറുകിട വ്യവസായ രംഗത്തും ഐ. ടി. മേഖലയിൽ സോഫ്റ്റ്വെയർ/ഡി. റ്റി. പി. ആരംഭിച്ചിട്ടുണ്ട്. ഇപ്രകാരം ആരംഭിച്ചുള്ള പദ്ധതികൾ/സംരംഭങ്ങൾ സർക്കാർ ഉടമസ്ഥതയിൽ ആരംഭിച്ചിട്ടുള്ളവയല്ല. എന്നാൽ സർക്കാർ ആഭിമുഖ്യത്തിൽ പൊതുജനങ്ങൾക്ക് ഐ. ടി. യുടെ ഉപയോഗംമൂലം സേവനം ലഭ്യമാക്കുന്ന പല പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.

(ഡി) സർക്കാർ ഏജൻസികളുടെ ബില്ലുകൾ അടയ്ക്കുന്നതിന് ജില്ലാ കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ജനസേവന കേന്ദ്രങ്ങൾ, വിവര സാങ്കേതിക അസമത്വം പരിഹരിക്കുന്നതിന് വേണ്ടി ആരംഭിച്ചിട്ടുള്ള "അക്ഷയ" പദ്ധതി, ഗ്രാമീണ ജനങ്ങൾക്ക് കമ്പ്യൂട്ടറും ഇന്റർനെറ്റും ഉപയോഗിച്ച് വിവരങ്ങൾ അറിയുന്നതിന് ലൈബ്രറി കൗൺസിലുമായി സഹകരിച്ച് നടപ്പിലാക്കിയിട്ടുള്ള "സേവന" പദ്ധതി, ഐ. റ്റി. ഇ. എസ്. വ്യവസായത്തിന്റെ വികസനത്തിനായി അടിസ്ഥാന സൗകര്യങ്ങളും പരിശീലന പരിപാടികളും നൽകുന്നതിനായി കൊച്ചിയിൽ ആരംഭിച്ച ഐ. റ്റി. ഇ. എസ്. ഫാബിറ്റാറ്റ്, സെക്രട്ടേറിയറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് പദ്ധതി എന്നിവ ഐ. റ്റി. മിഷൻ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പദ്ധതികളാണ്.

(ഇ) ആരോഗ്യ രംഗത്ത് ബിസിനസ് പ്രോസസ് ഔട്ട്സോഴ്സിംഗിന് കേരളത്തിന്റെ സാദ്ധ്യതകളെക്കുറിച്ച് വിപ്രോ കമ്പനിയും അപ്പോലോ ഹെൽത്ത് സ്ട്രീറ്റ് എന്ന കമ്പനിയും പഠനം നടത്തിയിട്ടുണ്ട്.

ലേബർ അതോറിറ്റിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ

69 [3474] ശ്രീ. ബിനോയ് വിശ്വം:
,, എൻ. രാജൻ:
,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly